നായിരക്കണക്കിന് തൊഴിലാളികൾ ഇപ്പോൾ വിഷമത്തിലാകാൻ പോകുകയാണ്. കൺസ്ട്രക്ഷൻ മേഖലയിലുള്ള മെറ്റീരിയൽസ്, അതാണ് ഇന്ന് സെയിൽസ് ടാക്സ് ഇനത്തിൽ lump ആയിട്ടു കൊണ്ടുവരുന്നത്. അതും slide ചെയ്തിരിക്കുകയാണ്. റബ്ബറിന്റെ വിലയിലും കുറവാണ്. കേരളത്തിന്റെ വരുമാനത്തെ കേരളാ ഇക്കോണമിയെ വളരെ വളരെ അപകടകരമായ രീതിയിൽ ഇതൊക്കെ ബാധിക്കുമെന്നുള്ളതിൽ യാതൊരു സംശയവുമില്ല. അതുകൊണ്ട് വളരെ വലിയൊരു പ്രതിസന്ധിയിലൂടെയാണ് ഗവൺമെന്റ് പോയിക്കൊണ്ടിരിക്കുന്നത്.

<u>ശ്രീ. കെ.സി. ജോസഫ്</u> : സർ, സംസ്ഥാനത്തിന്റെ കടമെന്നു ഞങ്ങളും ഡെപ്പോസിറ്റ് എന്ന് അങ്ങും പറയുന്ന സംസ്ഥാന സഹകരണബാങ്കിന്റെ 322 കോടി രൂപയുടെ നിക്ഷേപത്തിന്, കമ്പൽസറി ഡെപ്പോസിറ്റല്ല, അത് വോളന്ററി ഡെപ്പോസിറ്റാണെങ്കിൽ സേവിംഗ്സിന്റെ ആറു ശതമാനം എന്നത് വർദ്ധിപ്പിച്ച് 14 ശതമാനം കൊടുക്കാനുള്ള കാരണമെന്തെന്നു വെളിപ്പെടുത്താമോ?

<u>ശ്രീ. ടി. ശിവദാസമേനോൻ</u> : സർ, സഹകരണസംഘങ്ങളിൽ നിന്നും കടമല്ല വാങ്ങുന്നത്. ഡെപ്പോസിറ്റാണ്. കടമെന്നു വിളിക്കാൻ ശ്രീ. കെ.സി. ജോസഫിന് ആഗ്രഹമുണ്ടെങ്കിൽ അങ്ങ് വിളിച്ചോളൂ. പക്ഷെ യഥാർത്ഥത്തിൽ അതു ഡെപ്പോസിറ്റാണ്. സഭയിൽ സത്യമല്ലേ പറയാൻ പറ്റൂ. അതിനെ കടമെന്നു വിളിക്കുന്നതിലാണ് ആഹ്ലാദമെങ്കിൽ അതല്ലെന്നു ഞാൻ പറയുന്നില്ല. പക്ഷെ ഡെപ്പോസിറ്റാണ്. ആ ഡെപ്പോസിറ്റ് കമ്പൽസറിയാണോ, വോളന്ററിയാണോ എന്നാണ് ചോദ്യം. ഒരു കാരണവശാലും ഒരു ബാങ്കിന്റെയും ഡെപ്പോസിറ്റ് കമ്പൽസറിയായി വാങ്ങിക്കാൻ ഈ രാജ്യത്ത് നിയമമില്ല.

<u>മി. സ്പീക്കർ</u> : ചോദ്യം നമ്പർ 529.

3 (*529) കാർഷിക വ്യവസായ കോർപ്പറേഷൻ

<u>ശ്രീമതി ശോഭനാ ജോർജ്</u> :
<u>ശ്രീ. കെ. മുഹമ്മദാലി</u> :
<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> :
<u>ശ്രീ. പി.ജെ. ഫ്രാൻസിസ്</u> :
<u>ശ്രീ. കെ.സി. ജോസഫ്</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഒരു കാർഷിക വ്യവസായ കോർപ്പറേഷൻ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇതിനായി ഇതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചു;

(സി) ഈ കോർപ്പറേഷൻ എന്നത്തേക്ക് രൂപീകരിക്കാൻ കഴിയും എന്ന് വ്യക്തമാക്കാമോ?

കൃഷിവകുപ്പുമന്ത്രി <u>(ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ)</u> : സർ,

(എ) സംസ്ഥാനത്ത് ഒരു കാർഷിക വികസന ധനകാര്യ കമ്പനി സ്ഥാപിക്കാൻ ഉദ്ദേശമുണ്ട്.

(ബി) പ്രസ്തുത കമ്പനിയുടെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നോഡൽ ഓഫീസറായി കൃഷിവകുപ്പു ഡയറക്ടറെ നിയമിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) രൂപീകരണം സംബന്ധിച്ച് അന്തിമ തീരുമാനമായിട്ടില്ല.

ശ്രീമതി ശോഭനാ ജോർജ് : സർ, സംസ്ഥാനത്ത് ഒരു കാർഷിക വികസന ധനകാര്യ കമ്പനി സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് പറഞ്ഞു. ഇപ്പോഴുള്ള ധാരണയനുസരിച്ച് എന്തൊക്കെയാണ് അതിന്റെ പ്രവർത്തനങ്ങളെന്നു വ്യക്തമാക്കാമോ? എന്തൊക്കെയാണ് അതിന്റെ ഉദ്ദേശലക്ഷ്യങ്ങളെന്നു വ്യക്തമാക്കാമോ?

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : സർ, കേന്ദ്രഗവൺമെന്റിന്റെ നിർദ്ദേശമനുസരിച്ചാണ് ഇങ്ങനെയൊരു കമ്പനി രൂപീകരിക്കാനായിട്ട് സംസ്ഥാന ഗവൺമെന്റ് തീരുമാനിച്ചത്. കാർഷികാടിസ്ഥാന വ്യവസായങ്ങൾക്ക് രൂപം നൽകുന്ന സ്വകാര്യ വ്യക്തികൾക്കും സംയുക്ത മേഖലയ്ക്കും ആവശ്യമായിട്ടുള്ള സാമ്പത്തിക സഹായം ഉറപ്പുവരുത്തുക എന്നതാണ് ഇപ്പോൾ ലക്ഷ്യം.

ശ്രീമതി ശോഭനാ ജോർജ് : സർ, അങ്ങനെയെങ്കിൽ ഈ കമ്പനി നടത്തിക്കൊണ്ടുപോകാനുള്ള പണം സംസ്ഥാന ഗവൺമെന്റാണോ ചെലവാക്കുന്നത്; അതോ കേന്ദ്ര ഗവൺമെന്റിന്റെ അസിസ്റ്റൻസ് ഉണ്ടോ?

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : സർ, ഇതിനു സംസ്ഥാന ഗവൺമെന്റിന്റെ ഫണ്ട് ഉണ്ട്. മറ്റു സാമ്പത്തിക സ്ഥാപനങ്ങളിൽ നിന്നുള്ള സഹായവുമുണ്ട്.

ശ്രീ. കെ. മുഹമ്മദാലി : കേരളത്തിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന കാർഷികോല്പന്നങ്ങൾ പുറത്ത് സംസ്ക്കരിക്കുന്നതുമൂലം നമ്മുടെ ഉൽപ്പന്നങ്ങൾക്ക് വില കുറയുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? അതിനു പരിഹാരമായി ഇപ്പോൾ രൂപീകരിക്കുമെന്നുപറയുന്ന കോർപ്പറേഷന്റെ പ്രവർത്തനം പ്രയോജനപ്പെടുമോ?

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : നമ്മുടെ കാർഷികോൽപ്പന്നങ്ങളെ അടിസ്ഥാനമാക്കിയുള്ള വ്യവസായങ്ങൾ ഉയർത്തിക്കൊണ്ടുവരുന്നതിന് സഹായങ്ങൾ നൽകുക എന്നുള്ളതാണ് ഈ കമ്പനിയുടെ ഉദ്ദേശ്യം. അങ്ങനെ വ്യവസായങ്ങൾ രൂപീകൃതമാകുമ്പോൾ കാർഷികോൽപ്പന്നങ്ങളുടെ മൂല്യം വർദ്ധിപ്പിക്കാൻ കഴിയും.

ശ്രീ. കെ. മുഹമ്മദാലി : കാർഷികാടിസ്ഥാനത്തിലുള്ള വ്യവസായങ്ങൾ ആരംഭിക്കുന്നതിന് വ്യവസായവകുപ്പുമായി ബന്ധപ്പെടുത്തി എന്തെങ്കിലും പദ്ധതി ഗവൺമെന്റിന്റെ മുൻപിലുണ്ടോ?

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : അതു സംബന്ധിച്ച് ചില വ്യവസായ യൂണിറ്റുകൾ രൂപീകരിക്കുന്നതിനുവേണ്ടി കൃഷിവകുപ്പും വ്യവസായ വകുപ്പും തമ്മിൽ ചർച്ച ചെയ്യുന്നതിനുള്ള പരിപാടികൾ തയ്യാറാക്കിയിട്ടുണ്ട്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : കൃഷിവകുപ്പും വ്യവസായ വകുപ്പും തമ്മിൽ ചർച്ച ചെയ്യുന്നതിനെക്കുറിച്ചുള്ള ചില പരിപാടികൾ തയ്യാറാക്കി എന്ന് അങ്ങ് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ഇപ്പോൾ വ്യവസായത്തിന് നമ്മൾ നൽകുന്ന സബ്സിഡിയിനത്തിൽ വലിയൊരു തുക നമ്മുടെ ഖജനാവിൽനിന്നും പോകുന്നുണ്ട്. അതുമായി താരതമ്യപ്പെടുത്തിയാൽ കൃഷിക്കു കൊടുക്കുന്ന സബ്സിഡി വളരെ ചുരുങ്ങിയ രൂപത്തിലുള്ളതാണ്. ഈ ഡിസ്പാരിറ്റി ഒഴിവാക്കാനും കാർഷികരംഗത്ത് നിൽക്കുന്ന ആളുകൾക്ക് കൂടുതൽ ആനുകൂല്യങ്ങൾ പ്രഖ്യാപിക്കാനും ഗവൺമെന്റ് തയ്യാറാകുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : ഇപ്പോൾത്തന്നെ കേന്ദ്രഗവൺമെന്റ് പറയുന്നത് കാർഷിക മേഖലയിൽ സബ്സിഡിയൊന്നും നൽകരുതെന്നാണ്. നമ്മുടെ ബഹുമാനപ്പെട്ട പ്രധാനമന്ത്രിയുടെ അവസാനത്തെ പ്രഖ്യാപനം തന്നെ അതാണ്. എന്നാൽ സംസ്ഥാന ഗവൺമെന്റിന്റെ അഭിപ്രായം കാർഷികമേഖലയിൽ അതിനെ മുന്നോട്ടുകൊണ്ടുപോകാനായി ചില മേഖലകളിൽ സബ്സിഡി നൽകണമെന്നുള്ളതാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : നമ്മുടെ സംസ്ഥാനത്തെ ആഗ്രോ ബേസ്ഡ് ഇൻഡസ്ട്രീസിനെക്കുറിച്ച് അങ്ങിവിടെ സൂചിപ്പിക്കുകയുണ്ടായി. നിലവിലുള്ള ആഗ്രോ ഇൻഡസ്ട്രീസിന്റെ സ്ഥിതിതന്നെ വളരെ പരിതാപകരമായ അവസ്ഥയിലെത്തുമ്പോൾ അത് മാറ്റുന്നതിനുള്ള നടപടിയെടുക്കുന്നതിന് ഗവൺമെന്റ് ആലോചിക്കുമോ?

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : ഇപ്പോൾ കാർഷികോൽപ്പന്നങ്ങളെ അടിസ്ഥാനമാക്കി പ്രവർത്തിച്ചുവരുന്ന വ്യവസായങ്ങളൊക്കെ ലാഭകരമായിട്ടാണ് പ്രവർത്തിക്കുന്നത്.

ശ്രീ. പി.ജെ. ഫ്രാൻസിസ് : സർ, നാളികേരത്തിൽനിന്നും പല ഉൽപ്പന്നങ്ങളും അന്യസംസ്ഥാനങ്ങളിലുണ്ടാക്കി നമ്മുടെ സംസ്ഥാനത്തിൽ വിൽപ്പന നടത്തുന്നുണ്ട്. രോഗം വന്ന നാളികേരത്തിൽനിന്നും എണ്ണ കൂടുതൽ ലഭിക്കില്ല. അങ്ങനെയുള്ള നാളികേരത്തിൽനിന്നും ഉല്പന്നങ്ങൾ ഉണ്ടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ തയ്യാറാകുമോ?

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : നാളികേരം അടിസ്ഥാനമാക്കി അതിൽനിന്നും കോക്കനട്ട് പൗഡർ, കോക്കനട്ട് മിൽക്ക്, ക്രീം ഇതെല്ലാം ഇവിടെത്തന്നെ ഉല്പാദിപ്പിക്കുന്നതിനാവശ്യമായ നടപടികൾ ഗവൺമെന്റ് സ്വീകരിച്ചുവരികയാണ്.

ശ്രീ. പി.ജെ. ഫ്രാൻസിസ് : കശുമാങ്ങ ഒരു സീസണൽ കാർഷികവിളയാണ്. നമ്മുടെ നാട്ടിലൊക്കെ കശുവണ്ടി എടുത്തുകഴിഞ്ഞ് ആ മാങ്ങ വെറുതെ കളയുകയാണ്, ആ കശുമാങ്ങ സംസ്ക്കരിച്ചുകൊണ്ട് ഉൽപ്പന്നങ്ങളുണ്ടാക്കാനുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : ദിനേശ് ബീഡി കമ്പനിക്ക് അതിനൊരു പദ്ധതിയുണ്ട്. കാർഷിക സർവ്വകലാശാല വികസിപ്പിച്ചെടുത്തിട്ടുള്ള അതിന്റെ സാങ്കേതികവിദ്യ കൈമാറിയിട്ടുണ്ട്.

ശ്രീ. കെ.സി. ജോസഫ് : സംസ്ഥാനത്ത് ഭരണച്ചെലവും കടവും ഗണ്യമായി വർദ്ധിച്ചിരിക്കുന്ന ഒരവസരത്തിൽ കേരളത്തിൽ ആഗ്രോ ബേസ്ഡ് ഇൻഡസ്ട്രീസ് കോർപ്പറേഷനുപുറമെ ഈ തരത്തിലുള്ള ഒരു പുതിയ കമ്പനി ആരംഭിക്കാനുള്ള കാരണമെന്താണ്? ഈ ഡ്യൂപ്ലിക്കേഷൻ അവസാനിപ്പിക്കാൻ ദയവായി നടപടി സ്വീകരിക്കുമോ?

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : പുതിയതായിട്ട് ഒരു കമ്പനിയില്ല, ആഗ്രോ ഇൻഡസ്ട്രീസിന്റെ തന്നെ ഭാഗമായി ഒരു കമ്പനിയാണ് രൂപീകരിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നത്.

ശ്രീ. കെ.സി. ജോസഫ് : ഇതിനുള്ള നോഡൽ ഓഫീസറെ എന്നാണ് നിയമിച്ചത്, അദ്ദേഹത്തിന്റെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ? ഇല്ലെങ്കിൽ എന്നുവരെയാണ് അതിനുള്ള സമയം കൊടുത്തിരിക്കുന്നത്?

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : കഴിഞ്ഞ മാർച്ചുമാസത്തിലാണ് നോഡൽ ഓഫീസറായി അഗ്രിക്കൾച്ചറൽ ഡയറക്ടറെ നിയമിച്ചത്. അദ്ദേഹത്തിന്റെ റിപ്പോർട്ട് കിട്ടിക്കഴിഞ്ഞിട്ടില്ല, കിട്ടിക്കഴിഞ്ഞാൽ അതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. സി.കെ. രാജേന്ദ്രൻ : ഇപ്പോൾ രൂപീകരിക്കുന്ന കോർപ്പറേഷൻ വ്യവസായം തുടങ്ങുന്ന വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും എന്തെല്ലാം വിധത്തിലുള്ള സഹായമാണ് ചെയ്യാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : ഇതിന്റെ റിപ്പോർട്ട് കിട്ടിക്കഴിഞ്ഞാലെ അതുസംബന്ധിച്ച് വ്യക്തമായി പറയാൻ കഴിയുകയുള്ളൂ.

ശ്രീ. ഇ.എം. അഗസ്തി : ഇവിടെ കാർഷികമേഖലയ്ക്കുള്ള സബ്സിഡി കേന്ദ്രഗവൺമെന്റ് കുറച്ചുകൊണ്ടുവരികയാണെന്ന് ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചു. എന്നാൽ വ്യവസായ മേഖലയിലുള്ള സബ്സിഡി കേന്ദ്രഗവൺമെന്റ് കുറച്ചിട്ടില്ല. പ്രത്യേകിച്ചും കാർഷികാധിഷ്ഠിതമായ വ്യവസായങ്ങൾക്ക് ഏറെ സാധ്യതകൾ രാജ്യത്തെമ്പാടുമുണ്ട്. ഫുഡ് പ്രോസസ്സിംഗ് മേഖല വികസിപ്പിക്കണമെന്നത് 9-ാം പദ്ധതിയിലെ ഒരു നയമായി ഇന്ത്യാഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ കേരളത്തിൽ പ്രത്യേകിച്ച്, സൂപ്പർമാർക്കറ്റുകളുടേയും പാക്കറ്റ് ഫുഡ്സിന്റെയും ഒരു കാലഘട്ടമാണ്. ഈ ഫുഡ് പ്രോസസ്സിംഗ് മേഖല വികസിപ്പിക്കുന്നതിനാവശ്യമായ ഒരു നയം ഗവൺമെന്റ് രൂപീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : ഇപ്പോൾത്തന്നെ ഗവൺമെന്റ് അതുസംബന്ധിച്ച് വിശദമായ പഠനം നടത്തിക്കഴിഞ്ഞിട്ടുണ്ട്. ഫുഡ് പ്രോസസ്സിംഗ് മേഖല വികസിപ്പിക്കണമെന്നുള്ളതുതന്നെയാണ് സംസ്ഥാന ഗവൺമെന്റ് ഉദ്ദേശിക്കുന്നത്.

ശ്രീമതി ആർ ലതാദേവി : ഈ റിപ്പോർട്ട് ലഭിച്ചുകഴിഞ്ഞാൽ നമ്മുടെ സംസ്ഥാനത്തെ കർഷകസംഘടനകളുടെ യോഗം വിളിച്ച് അവരുടെ അഭിപ്രായം ഈ റിപ്പോർട്ടിൻമേൽ ആരായുന്നതിനുവേണ്ടി ഗവൺമെന്റ് ശ്രദ്ധിക്കുമോ?

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : ഈ റിപ്പോർട്ട് ലഭിച്ചു കഴിഞ്ഞാൽ കേരളത്തിലെ കർഷകസംഘടനകളുടെ യോഗം വിളിക്കേണ്ട ആവശ്യമുണ്ടെങ്കിൽ തീർച്ചയായും കർഷകസംഘടനാ പ്രതിനിധികളെ വിളിച്ച് ഇത് ചർച്ച ചെയ്യും.

ശ്രീ. കെ.എം. മാണി : വ്യവസായങ്ങൾക്ക് ഇപ്പോൾത്തന്നെ പല സൗജന്യങ്ങളും നിലവിലുണ്ട്. ആഗ്രോ ഇൻഡസ്ട്രീസിനെ പ്രോൽസാഹിപ്പിക്കുന്നതിനുവേണ്ടി കൃഷി അധിഷ്ഠിത വ്യവസായങ്ങൾ തുടങ്ങുകയാണെങ്കിൽ അതിനൊരു പ്രത്യേക സഹായപദ്ധതിക്ക് രൂപം കൊടുക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : കാർഷികാധിഷ്ഠിത വ്യവസായങ്ങൾ വളർത്തിയെടുക്കുന്നതിനുവേണ്ടിയും സംരക്ഷിക്കുന്നതിനുവേണ്ടിയും ചില ആനുകൂല്യങ്ങൾ കൊടുക്കണമെന്നുള്ളത് തന്നെയാണ് ഗവൺമെന്റിന്റെ അഭിപ്രായം. ഈ റിപ്പോർട്ട് കിട്ടിക്കഴിഞ്ഞാലേ പ്രത്യേകം പ്രത്യേകം വ്യവസായങ്ങൾക്കുള്ള ആനുകൂല്യങ്ങൾ തീരുമാനിക്കാൻ കഴിയൂ.

ശ്രീ. മോൻസ് ജോസഫ് : പുതുതായി രൂപീകരിക്കുന്ന കോർപ്പറേഷനു കീഴിൽ വ്യവസായങ്ങൾ ആരംഭിക്കുമ്പോൾ റബ്ബറധിഷ്ഠിത വ്യവസായങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

ആരംഭിക്കാനുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിക്കുമോ? അതിന് മുൻഗണന നൽകുമോ? എന്തെല്ലാം വ്യവസായങ്ങളാണ് ഗവൺമെന്റ് ആരംഭിക്കാൻ ഉദ്ദേശിക്കുന്നത്? അതുപോലെതന്നെ യുവജനങ്ങൾക്ക് കാർഷികരംഗത്ത് പ്രോത്സാഹനം നൽകാൻ കഴിയുന്ന നിലയിൽ കൂടുതൽ സബ്സിഡി നൽകിക്കൊണ്ട് വ്യവസായ യൂണിറ്റുകൾ ആരംഭിക്കാനുള്ള പദ്ധതികൂടി ഇതിന്റെ ഭാഗമായി ആവിഷ്കരിക്കുമോ?

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : ഇപ്പോൾത്തന്നെ റബ്ബറധിഷ്ഠിത വ്യവസായം തുടങ്ങാൻവേണ്ടി പ്ലാന്റേഷൻ കോർപ്പറേഷനും സ്റ്റേറ്റ് ഫാമിങ് കോർപ്പറേഷനും പരിപാടികൾ തയ്യാറാക്കിവരികയാണ്. ഡിസംബർ മാസത്തോടുകൂടി അതിന്റെ ആരംഭം കുറിക്കും.

ശ്രീ. എ. കണാരൻ : കാർഷിക വ്യവസായ കോർപ്പറേഷൻ രൂപീകരിക്കുന്നതിനെക്കുറിച്ച് വേണ്ടത്ര വിശദീകരണം പറഞ്ഞിട്ടില്ല. നാളികേര വ്യവസായത്തെ അടിസ്ഥാനമാക്കിയുള്ള കോർപ്പറേഷനാണോ അതോ എല്ലാ കൃഷികളെയും അടിസ്ഥാനപ്പെടുത്തിയുള്ള കോർപ്പറേഷനാണോ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നത്?

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : കേരളത്തിൽ നാളികേരമടക്കമുള്ള പ്രധാനപ്പെട്ട കാർഷികോൽപ്പന്നങ്ങളെ അടിസ്ഥാനമാക്കിയുള്ള വ്യവസായങ്ങൾക്കുവേണ്ടി, അതിനെ സഹായിക്കാനാണ് ഈ പദ്ധതി.

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : കാർഷികാധിഷ്ഠിത വ്യവസായങ്ങൾ പലതും ആലോചിക്കുന്നുണ്ട്, ചിന്തിക്കുന്നുണ്ട് എന്ന് പറയുന്നുണ്ടെങ്കിലും വേണ്ടത്ര വികസനം ലഭിക്കുന്നില്ല. കാരണം അതിന്റെ ടെക്നിക്കൽ നോഹൗ, അതിന്റെ സാധ്യതകൾ ഇതിനൊന്നും വ്യക്തമായ ഒരു രൂപവുമില്ല. അതുകൊണ്ട് അതിന്റെ സാധ്യതകളെക്കുറിച്ചും സാങ്കേതിക വശങ്ങളക്കുറിച്ചും വ്യക്തമായ ഒരു സ്കീമുണ്ടാക്കാൻ വിദഗ്ദ്ധന്മാരായ കുറെ ആളുകളെ ചുമതലപ്പെടുത്താമോ?

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : സർ, ഇപ്പോഴാണ് ഇതിനാവശ്യമായ നടപടികൾ കേരളത്തിൽ ആരംഭിച്ചത്. വളരെ വർഷങ്ങളായി നമുക്ക് ഇതിന് കഴിഞ്ഞിട്ടില്ല. നാളികേരത്തിനെ അടിസ്ഥാനമാക്കിയുള്ള വ്യവസായങ്ങളുടെ സാധ്യതകളെക്കുറിച്ച് ഗവൺമെന്റ് പഠനം നടത്തിയിട്ടുണ്ട്. അതുപോലെതന്നെ മറ്റു കാർഷികോൽപ്പന്നങ്ങളെ അടിസ്ഥാനമാക്കിയുള്ള വ്യവസായങ്ങളുടെ സാധ്യതകളെക്കുറിച്ച് ഗവൺമെന്റ് പഠനം നടത്തുന്നതിന് ചില ഏജൻസികളെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

ശ്രീ. ടി. നാണുമാസ്റ്റർ : സർ, പല വ്യവസായ സംരംഭങ്ങളും തുടങ്ങുന്നതിനെക്കുറിച്ച് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ഈ സംരംഭങ്ങളെല്ലാംതന്നെ ഫലപ്രദമായി നടക്കണമെങ്കിൽ കൂടുതൽ ഫണ്ട് വേണം. അതിന് കേന്ദ്രഗവൺമെന്റിൽ നിന്ന് പ്രത്യേക ഫണ്ട് ആവശ്യപ്പെടാൻ ശ്രമിച്ചിട്ടുണ്ടോ, ഇല്ലെങ്കിൽ അതിനുള്ള മാർഗ്ഗങ്ങൾ ആരായുമോ?

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : സർ, റബ്ബറധിഷ്ഠിത വ്യവസായം ആരംഭിക്കുന്നതിനുവേണ്ടി കേന്ദ്രഗവൺമെന്റിന്റെ സാമ്പത്തിക സഹായം ആവശ്യപ്പെട്ടിട്ടുണ്ട്. നാളികേരം അടിസ്ഥാനമാക്കിയുള്ള വ്യവസായം ആരംഭിക്കുന്നതിന് കേന്ദ്രഗവൺമെന്റിന്റെ സാമ്പത്തിക സഹായം ആവശ്യപ്പെടാൻ ഒരു പ്രോജക്ട് റിപ്പോർട്ടുതന്നെ കേന്ദ്രഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly